<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2259</u> <u>12-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കല്ലേരിയിലെ സജീവന്റെ കുടുംബത്തിന് ധനസഹായം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 21.7.2022 ന് വടകര പോലീസ് കസ്റ്റഡിൽ എടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് കുഴഞ്ഞ് വീണ് മരണപ്പെടുകയും ചെയ്ത സജീവന്റെ ആശ്രിതർ പ്രായാധിക്യവും അസുഖങ്ങളും കാരണം പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച് സർക്കാർ സഹായം നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ? | (എ) | കോഴിക്കോട് ജില്ലയിലെ വടകര പോലീസ് 21.07.2022-ന് കസ്റ്റഡിയിൽ എടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് കുഴഞ്ഞ് വീണ് മരണപ്പെടുകയും ചെയ്ത സജീവന്റെ ആശ്രിതരായ മാതാവ് ശ്രീമതി.ജാനുവിനും ജാനുവിന്റെ സഹോദരി ശ്രീമതി.നാരായണിക്കും അവരുടെ ജീവിതകാലം വരെ പ്രതിമാസം 3000/- വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകിക്കൊണ്ട് 02.12.2022 തീയതിയിലെ സ.ഉ (കൈ) നം. 285/2022/RD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.



"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATII THE MAHAT

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് ജില്ലയിലെ വടകര പോലീസ് 21.7.22ന് കസ്റ്റഡിയിൽ എടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്ത് കുഴഞ്ഞ് വീണ് മരണപ്പെടുകയും ചെയ്ത സജീവനെ ആശ്രയിച്ച കഴിഞ്ഞിരുന്ന മാതാവ് ശ്രീമതി ജാനുവിനും (65 വയസ്സ്) ജാനുവിന്റെ സഹോദരി ശ്രീമതി നാരായണിക്കും (70 വയസ്സ്) അവരുടെ ജീവിതകാലം വരെ പ്രതിമാസം 3000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

---

റവന്യൂ(DRF-A)വകുപ്പ്

സ.ഉ.(കൈ) നം.285/2022/RD തീയതി,തിരുവനന്തപുരം, 02-12-2022

---

പരാമർശം:- 1. 25.07.22 ലെ ശ്രീമതി ജാനുവിന്റെ അപേക്ഷ

2: കോഴിക്കോട് ജില്ലാ കളക്ടറുടെ 14.09.22 ലെ DCKKD/9729/2022/D1 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വടകര പോലീസ് 21.7.22ന് കസ്റ്റഡിയിൽ എടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്ത് കുഴഞ്ഞ് വീണ് മരണപ്പെടുകയും ചെയ്ത ആയഞ്ചേരി വില്ലേജിൽ പറമ്പിൽ ദേശത്ത് ശ്രീ സജീവന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് മാതാവായ ശ്രീമതി ജാനു 25/7/22 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി ജാനുവിന്(65) പൈതൃകമായി ലഭിച്ച 6.75 സെന്റ് സ്ഥലത്തുള്ള ഓലപ്പുരയിലാണ് ഒരു വർഷം മുൻപ് വരെ അമ്മയും മരണപ്പെട്ട മകൻ സജീവനും കഴിഞ്ഞിരുന്നത്. എന്നാൽ വീട് താമസയോഗ്യമല്ലാത്തതിനാലും സഹോദരി നാരായണിയുടെ ഏക മകൻ നഷ്ടപ്പെട്ടതിനാലും ശ്രീമതി ജാനുവും മരണപ്പെട്ട മകൻ സജീവനും സഹോദരി നാരായണിയുടെ (70) വീട്ടിലാണ് താമസിച്ചിരുന്നത്. ശ്രീമതി ജാനു സർജറി കഴിഞ്ഞയാളും നിലവിൽ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ന്യൂറോ സംബന്ധമായ ചികിത്സയിലുമാണ്. ശ്രീമതി ജാനുവിന്റെ സഹോദരിയ്ക്കും അസുഖങ്ങൾ ഉള്ളതാണെന്നും രണ്ട് പേർക്കും വാർദ്ധക്യ പെൻഷൻ അല്ലാതെ മറ്റു വരുമാന മാർഗങ്ങൾ ഇല്ലെന്നും കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.മേൽ വിവരം സർക്കാർ പ്രത്യേക കേസായി പരിശോധിച്ചു. മരണമടഞ്ഞ സജീവനെ ആശ്രയിച്ച കഴിഞ്ഞിരുന്ന മാതാവ് ശ്രീമതി ജാനുവിനും (65 വയസ്സ്) ജാനുവിന്റെ സഹോദരി ശ്രീമതി നാരായണിക്കും (70 വയസ്സ്) അവരുടെ ജീവിതകാലം വരെ പ്രതിമാസം 3000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3.വിതരണത്തിന് ആവശ്യമായി വരുന്ന മേൽ പരാമർശിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് പ്രതിമാസം അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക പ്രതിമാസം വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

പൊതുഭരണ (എസ്.സി) വകുപ്പ് - 01.12.2022 ലെ ഇനം നം 1222 പ്രകാരം

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി).

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 02-12-2022 13:16:12

സെക്ഷൻ ഓഫീസർ